തയ്യാറാക്കുകയും 19-11-2014-ന് തിരുവനന്തപുരത്തു വച്ച് നടന്ന എം.പി.മാരുടെ യോഗത്തിൽവച്ച് ആദ്യ അജണ്ടാ വിഷയമായി പ്രസ്തുത മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമമായി മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധനൽകുന്നുണ്ട്.

(ഡി&ഇ) പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ആവശ്യമുള്ള ഭൂമിയിലുൾപ്പെടുന്ന വനഭൂമിക്കുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന വിശദമായ മെമ്മോറാണ്ടത്തിൽ ആദ്യ ഇനമായി തന്നെ പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കണമെന്നും അതിനാവശ്യമായ തുകകൾ വകയിരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

81 (421) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി എന്നാണ് നിലവിൽ വന്നത് ; ആയത് എത്രത്തോളം വിജയകരമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്;

(സി) വായ്പയെടുത്ത വ്യക്തി മാരകരോഗങ്ങൾക്ക് അടിമയാണെങ്കിൽ കടാശ്വാസം ലഭിക്കുന്നതിന് റിസ്ക് ഫണ്ടിൽ വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ ആയത് വ്യവസ്ഥ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-11-2008-ലെ സ.ഉ.(കൈ) നമ്പർ 249/2008/സഹ. നമ്പർ ഉത്തരവ് പ്രകാരം 2008 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തോടെ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. വളരെ ഇച്ഛമായ ഒറ്റത്തവണ പ്രീമിയം ഈടാക്കി വായ്പ എടുത്ത അംഗം വായ്പാ കാലാവധിക്കുള്ളിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതൽ മുകയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നുണ്ട്. കൂടാതെ വായ്പ എടുത്തശേഷം റിസ്ക് ഫണ്ട് സ്കീമിൽ പ്രതിപാദിക്കുന്ന 5 മാരക രോഗങ്ങളിൽ ഏതെങ്കിലും ഒരു രോഗംമൂലം വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന വായ്പാ കേസ്സുകളിൽ 75,000-രൂപ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി എഴുതി തള്ളുന്നുണ്ട്. റിസ്ക് ഫണ്ട് സ്കീമിന്റെ പ്രവർത്തനം വിജയകരമാണ്. മരണപ്പെട്ടവരുടെ ആശ്രിതർക്കും മാരക രോഗം ബാധിച്ചവർക്കും ആനുകൂല്യമായി 31-10-2014 വരെ 13,894 വായ്പക്കാർക്കായി 88.57 കോടി രൂപ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച് വായ്പാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

1. വായ്പക്കാരെ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് സഹകരണ വകുപ്പിന്റെ www.cooperation.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയെ സംബന്ധിച്ച ലഘുവായ വിവരണം വെബ്സൈറ്റിൽ" Risk fund scheme" എന്ന ടൈറ്റിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മാരക രോഗം ബാധിച്ചവർക്ക് ആശ്വാസം നൽകുന്നതിനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിയ 2012 വർഷത്തിലും 2014 വർഷത്തിലും പൊതുജനങ്ങൾക്ക് സ്കീമിനെക്കുറിച്ച് അവബോധം ഉണ്ടാകുന്നതിനായി എല്ലാ മുഖ്യ വർത്തമാന പത്രങ്ങളിലും സർക്കാർ പരസ്യം നൽകിയിരുന്നു.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ www.kcdwfb.com എന്ന വെബ്സൈറ്റിൽ റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാണ്. സഹകരണ വകുപ്പിന്റെ വെബ്സൈറ്റും ബോർഡിന്റെ വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ട്.

4. സ്കീം നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ബ്രോഷറുകളും ലഘുലേഖകളും നൽകിയിട്ടുണ്ട്.

5. പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ടി സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നവർക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

(സി) വായ്പ എടുത്തശേഷം വായ്പക്കാരന് മാരകരോഗം ബാധിച്ച് വായ്പ ബാധ്യത തീർക്കാൻ കഴിയാതെ വരുന്ന കേസ്സുകളിൽ വായ്പാ മുതൽ ഇനത്തിൽ പരമാവധി 75,000-രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകാനുള്ള വ്യവസ്ഥ റിസ്ക് ഫണ്ട് നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സഹകരണ ബാങ്ക് പ്രതിസന്ധി

**82 (422)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം ഗ്രാമപഞ്ചായത്തിൽ താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ലോൺതുകയിൽ കടിശിക ഇനത്തിലുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly